പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **3007** **21. 06. 2013-** ലെ മറുപടി

സാന്ത്വനം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി. വി. രാജേഷ് | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| പ്രവാസി വകുപ്പിന്റെ കീഴിൽ നടപ്പിലാക്കിവരുന്ന 'സാന്ത്വനം പദ്ധതി'യിലൂടെ എന്തൊക്കെ സഹായങ്ങളാണ് ലഭ്യമാക്കുന്നത്; വിശദാംശം നൽകുമോ ? | ദുരിതമനുഭവിക്കുന്ന പ്രവാസി കേരളീയർക്കായി നോർക്ക വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയാണ് 'സാന്ത്വന' പദ്ധതി. വാർഷിക വരുമാനം 25,000/- രൂപയ്ക്ക് താഴെയുള്ള തിരികെയെത്തിയ പ്രവാസികളുടെ സഹായത്തിനായാണ് 'സാന്ത്വന' പദ്ധതി നടപ്പിലാക്കിയിരുന്നത്. ഈ പദ്ധതിയിൻ കീഴിൽ പ്രവാസി കേരളീയരുടെ ചികിത്സയ്ക്കോ, മരണപ്പെട്ട പ്രവാസികളുടെ/കുടുംബാംഗങ്ങളുടെ മരണാനന്തര ചടങ്ങുകൾ നടത്തുന്നതിനോ, പ്രവാസിയുടെ/ അടുത്ത കുടുംബാംഗങ്ങളുടെ ചികിത്സയ്ക്കോ, അവരുടെ പെൺമക്കളുടെ വിവാഹാവശ്യത്തിനോ, പ്രവാസിക്കോ/കുടുംബാംഗങ്ങൾക്കോ വീൽചെയർ/ക്രച്ചസ് എന്നിവ വാങ്ങുന്നതിനോ ആണ് ഒറ്റ തവണയായി നോർക്ക വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് പരമാവധി 20,000/- രൂപ വരെ സഹായം നൽകിയിരുന്നത്. 01/06/2013 – ലെ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്)നമ്പർ 04/2013/നോർക്ക പ്രകാരം വരുമാനപരിധി 1,00,000/- രൂപയായി ഉയർത്തിയിട്ടുണ്ട്. കൂടാതെ മരണാനന്തരസഹായം (ഡെത്ത് കോമ്പൻസേഷൻ) 1,00,000/- രൂപയായും , ചികിത്സാധനസഹായം, മാരകരോഗങ്ങളുടെ ചികിത്സയ്ക്ക് (കാൻസർ, വൃക്കരോഗം, തളർവാതം, ഹൃദയസംബന്ധമായ അസുഖങ്ങൾ) 50,000/- രൂപയായും മറ്റ് അസുഖങ്ങൾക്ക് 20,000/- രൂപയായും, വിവാഹധനസഹായം പരമാവധി 15,000/- രൂപയായും, വീൽച്ചെയർ/ക്രച്ചസ് വാങ്ങുന്നതിന് 10,000/- രൂപയായും പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ